പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5719 2/7/2019 ൽ മറുപടിക്ക്

## കന്നുകാലി സെൻസസിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ

ചോദ്യം

ശ്രീ.കെ.എൻ.എ ഖാദർ :

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | ദേശീയ കന്നുകാലി സെൻസസ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഇതിനായി നിയോഗിച്ച ഉദ്യോഗസ്ഥർ എത്രയെന്നും ഇത് എന്നാണ് പൂർത്തിയാക്കേണ്ടതെന്നും അറിയിക്കുമോ; | എ) | ദേശീയ കന്നുകാലി സെൻസസ് സംസ്ഥാനത്ത് വകുപ്പിലെ എല്ലാ ലൈവ് സ്റ്റോക്ക് ഇൻസ്‌പെക്ടർമാരേയും ഉൾപ്പെടുത്തി ഔദ്യോഗികമായി 2019 മാർച്ച് 1 മുതൽ ആരംഭിച്ചിട്ടുണ്ട്.<br>കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം 1894 (1578 എന്യൂമറേറ്റർമാർ, 316 സൂപ്പർവൈസർമാർ) ഉദ്യോഗസ്ഥരെയാണ് സെൻസസിന് നിയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ കന്നുകാലി സെൻസസിന്റെ ജോലിഭാരം കണക്കിലെടുത്ത് 2510 എന്യൂമറേറ്റർമാരേയും 1194 സൂപ്പർവൈസർമാരേയും ഉൾപ്പെടുത്തി ആകെ 3704 ഉദ്യോഗസ്ഥരെ സംസ്ഥാനത്ത് നിയോഗിച്ചിട്ടുണ്ട്.<br>കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം കന്നുകാലി സെൻസസിന്റെ വിവരശേഖരണം മൂന്നുമാസ കാലയളവിൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നിശ്ചിത കാലയളവിനുള്ളിൽ സെൻസസ് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 2019 ജൂൺ 30 വരെ വിവരശേഖരണത്തിനായി സമയം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) | മൃഗസംരക്ഷണ വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥരെയെല്ലാം മേൽപ്രവൃത്തിക്കായി നിയോഗിച്ചത്, സംസ്ഥാനത്തെ വെറ്ററിനറി സബ് സെന്ററുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | മൃഗസംരക്ഷണ വകുപ്പിൽ 5 വർഷം കൂടുന്തോറും നടന്നു വരുന്ന പ്രക്രിയയാണ് കന്നുകാലി സെൻസസ്. ഇതിലേക്ക് നിയോഗിക്കപ്പെടുന്ന ഫീൽഡ്തല ഉദ്യോഗസ്ഥരുടെ സബ്സെന്ററിലെ ജോലികൾ അവരുടെ അഭാവത്തിൽ അതാത് സബ്സെന്ററുകളുടെ മേൽ നോട്ടം വഹിക്കുന്ന വെറ്ററിനറി സർജ്ജന്മാരാണ് ചെയ്യുന്നത്. ആയതിനാൽ മേൽ പ്രവർത്തി |

| | | | |
|---|---|---|---|
| | | | സബ്സെന്ററുകളുടെ പ്രവർത്തനത്തെ യാതൊരു വിധത്തിലും ബാധിക്കുന്നില്ല. സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. |
| സി) | ഇതിന് പരിഹാരമായി ഇപ്രകാരമുള്ള സെൻസസിന് താല്കാലിക ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്താൻ നിർദ്ദേശം നൽകാമോ? | സി) | കന്നുകാലി സെൻസസിന്റെ വിവരശേഖരണം സംബന്ധിച്ച അന്തിമ തീരുമാനങ്ങൾ കൈകൊള്ളുന്നത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ